**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5215** | **21-07-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നടപ്പിലാക്കിയ വികസന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ 2018-ൽ ഹെറിറ്റേജ് മാതൃകയിൽ ഒരു ബഹുനില മന്ദിരം സ്ഥാപിക്കുകയും, മലയാള വിഭാഗം പൂർണമായും പ്രസ്തുത മന്ദിരത്തിലേയ്ക്ക് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2) പുതുതായി പണി കഴിപ്പിച്ച ഹെറിറ്റേജ് മോഡൽ മന്ദിരത്തിൽ, സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിലെയും, കേരളത്തിലെ മറ്റ് ഡിപ്പാർട്ട്മെന്റ് ലൈബ്രറികളിലെയും ലൈബ്രറിയന്മാർക്ക് പരിശീലനം നൽകുന്നതിന് ആധുനിക സൗകര്യങ്ങളോടെ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.<br><br>3) സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ മുൻപ് ഉപയോഗിച്ച് കൊണ്ടിരുന്ന ലിബ്സിസ് സോഫ്റ്റ് വെയറിൽ നിന്നും മാറി സ്വതന്ത്ര സോഫ്റ്റ് വെയർ ആയ കോഹയിലേയ്ക്ക് ലൈബ്രറിയുടെ പ്രവർത്തനം പൂർണ്ണമായും മാറ്റിയിട്ടുണ്ട്. |
| (ബി) | പൊതുജനങ്ങൾക്ക് പ്രസ്തുത ലൈബ്രറിയിൽ നിന്നുള്ള സേവനങ്ങൾക്കായി ഓൺലൈൻ പണമിടപാട് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ? | (ബി) | പൊതു ജനങ്ങൾക്ക് സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ നിന്നുള്ള സേവനങ്ങൾക്ക് ഓൺലൈൻ പണമിടപാട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ